പത്രക്കുറിപ്പ്

# ഏജീസ് ഓഫീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച കേസ്സിലെ നാല് പ്രതികൾ പിടിയിൽ

തിരുവനന്തപുരം:- സായാഹ്നസവാരി നടത്തുകയായിരുന്ന ഏജീസ് ഓഫീസ് ജീവനക്കാരേയും കുടുംബത്തേയും ആക്രമിച്ച കേസ്സിലെ നാല് പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. പാറ്റൂർ വി.വി റോഡ് പണ്ടാരവിളാകത്ത് വീട്ടിൽ കൊച്ചുരാകേഷ് എന്ന് വിളിക്കുന്ന രാകേഷ് (28), കണ്ണമ്മൂല കുളവരമ്പിൽ വീട്ടിൽ കായി പ്രവീൺ എന്ന് വിളിക്കുന്ന പ്രവീൺ



ഏജീസ് ഓഫീസ് ജീവനക്കാരെ ആക്രമിച്ച കേസിൽ
പേട്ട പോലീസ് അറസ്റ്റ് ചെയ്ത
രാകേഷ്, ഷിജു, അഭിജിത് നായർ, പ്രവീൺ

(25), നെടുമങ്ങാട് പഴകുറ്റി കൊടിപുരം ശ്രീവൽസം വീട്ടിൽ ഉണ്ണി എന്ന് വിളിക്കുന്ന അഭിജിത് നായർ (25), പട്ടം തേക്കുമ്മൂട്

ടി.പി.ജെ നഗർ മേലേക്കുന്നിൽ വീട്ടിൽ ഷിജു (28) എന്നിവരെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 27-ന് രാത്രി 8.30-ന് പേട്ട അമ്പലത്തുംമുക്ക് വി.വി റോഡിൽ റെയിൻബോ ഫ്ലാറ്റിന് സമീപത്തുകൂടി നടന്നു പോവുകയായിരുന്ന ഏജീസ് ഓഫീസ് ജീവനക്കാരായ ഹരിയാന സ്വദേശി രവി യാദവ്, ഉത്തർപ്രദേശ് സ്വദേശി ജഗത് സിംഗ് എന്നിവരെയാണ് അക്രമിസംഘം വെട്ടിപ്പരിക്കേൽപ്പിച്ചത്. തങ്ങളുടെ ഭാര്യമാരോട് മോശമായി പെരുമാറിയത് ചോദ്യം ചെയ്തതാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ പിടികൂടുവാൻ സിറ്റി പോലീസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചിരുന്നു. അന്വേഷണസംഘം സമീപത്തെ സി.സി.റ്റി.വി ദൃശ്യങ്ങൾ പരിശോധിച്ചും മറ്റും ഊർജ്ജിതമായി നടത്തിയ അന്വേഷണത്തിലാണ് മൺവിള, കൊട്ടിയം, നെടുമങ്ങാട് തുടങ്ങിയ ഒളിസങ്കേതങ്ങളിൽ കഴിഞ്ഞിരുന്ന പ്രതികളെ പിടികൂടിയത്. സ്ഥിരം ക്രിമിനലുകളായ പ്രതികൾക്കെതിരെ വഞ്ചിയൂർ, മെഡിക്കൽ കോളേജ്, പേട്ട, നെടുമങ്ങാട്, നെയ്യാറ്റിൻകര തുടങ്ങിയ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിരവധി ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ. വൈഭവ് സക്സേനയുടെ മേൽ നോട്ടത്തിൽ ശംഖുമുഖം എ.സി പി എം.എ നസീർ, സ്പെഷ്യൽ ബ്രാഞ്ച് എസി.പി എം.കെ. ബിനുകുമാർ, പേട്ട എസ്.എച്ച്.ഒ സുധിലാൽ, എസ്.ഐ-മാരായ നിയാസ്, റിനോക്സ്, സി.പി.ഒ-മാരായ ജയദേവൻ, ബിജു, അനീഷ്, രഞ്ജിത്ത്, അരുൺ, ഷമി, രഞ്ജിത്ത്കുമാർ

എന്നിവരടങ്ങിയ പ്രത്യേക പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

തിരുവനന്തപുരം സിറ്റി

01-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി